# MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION

*(Under the Holy Apostolic See of Antioch and All the East)*

**Reg. No. ER/308/07**

**Circular to All Sunday Schools and Co-workers**
**Website : www.mjssa.in**
**Email : mjssahq@gmail.com**

**M.J.S.S.A. HEAD QUARTERS,**
**Puthencruz - 682 308,**
**Kerala state,**
**Fax & Phone : 0484 -2730150**

**Date: 17-06-2016**

**No. 4/ 2016**

**കർത്താവിൽ പ്രിയ സഹപ്രവർത്തകരെ,**

സൺഡേസ്കൂൾ കുട്ടികളുടെ കലാവാസനകളെ പ്രോത്സാഹിപ്പിക്കുന്നതിനും അവരുടെ അറിവു വർദ്ധിപ്പിക്കുവാനും ആത്മീയാഭിവൃദ്ധിക്കുമായി നടത്തി വരുന്ന എം.ജെ.എസ്.എസ്.എ. കലോത്സവം ഈ വർഷവും വളരെ ഭംഗിയായി നടത്തുവാൻ എല്ലാവരും ശ്രദ്ധിച്ചുകൊള്ളണം. അസ്സോസിയേഷനിൽ നിന്നുള്ള പൊതുനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്. വിശദവിവരങ്ങൾക്ക് ***മാനുവൽ കാണുക.***

## എം.ജെ.എസ്.എസ്.എ. കലോത്സവം - 2016

**മത്സര വിഷയങ്ങളും വിഭാഗങ്ങളും**

1. **സബ്ജൂണിയേഴ്സ് (SubJuniors)** 8 വയസ് വരെ - 2008 ജനുവരി 1 നോ അതിനു ശേഷമോ ജനിച്ചവർ
   1. **പ്രസംഗം** (3 മിനിററ് ), 2. **സംഗീതം** (3 മിനിററ് ) 3. **ആരാധനാഗീതം മലയാളം** (3 മിനിററ് )
   ***പ്രസംഗവിഷയം : ദൈവസ്നേഹം***
2. **ജൂണിയേഴ്സ് (Juniors)** 9 മുതൽ 12 വയസ് വരെ - 2004 ജനുവരി 1 നോ അതിനു ശേഷമോ ജനിച്ചവർ
   1. **പ്രസംഗം** (4 മിനിററ്), 2. **സംഗീതം** (3 മിനിററ്) 3. **തങ്കവാക്യം**, 4. **ആരാധനാഗീതം മലയാളം** (3 മിനിററ്) 5. **ആരാധനാഗീതം സുറിയാനി** (3 മിനിററ്) **ആരാധനാഗീതം-കന്നഡ** (3 മിനിററ് കർണ്ണാടകയിൽ നിന്നുള്ള കുട്ടികൾക്ക് മാത്രം) 6.**വേദവാക്യം** 7. **സംഗീതം,**
   ***പ്രസംഗവിഷയം : മാനസാന്തരം***
3. **സീനിയേഴ്സ് (Seniors)** 13 മുതൽ 17 വയസ് വരെ - 1999 ജനുവരി 1 നോ അതിനു ശേഷമോ ജനിച്ചവർ
   1. **പ്രസംഗം** (5 മിനിററ്), 2. **സംഗീതം** (3 മിനിററ്), 3. **ആരാധനാഗീതം മലയാളം** (3 മിനിററ്), 4. **ആരാധനാഗീതം സുറിയാനി** (3 മിനിററ്) **ആരാധനാഗീതം-കന്നഡ** (3 മിനിററ് കർണ്ണാടകയിൽ നിന്നുള്ള കുട്ടികൾക്ക് മാത്രം) 5.**തങ്കവാക്യം**, 6.**ക്വിസ്**, 7.**വേദവാക്യം**, 8.**സംഗീതം,**
   ***പ്രസംഗവിഷയം: 'നീ എവിടെ' ആദ്യപുസ്തകം 3:9***
4. **പ്ലസ്വൺ, പ്ലസ്ടു**
   1. **പ്രസംഗം** (5 മിനിററ്) 10-ാം ക്ലാസ്സിൻെറ തുടർച്ചയായി പ്ലസ് വണ്ണിലും , പ്ലസ് വണ്ണിന്റെ തുടർച്ചയായി പ്ലസ് ടൂവിലും ചേരുന്നവർക്കു മാത്രമെ മത്സരത്തിൽ പങ്കെടുക്കുവാൻ അർഹത ഉണ്ടായിരിക്കുകയുള്ളു.
   ***പ്രസംഗവിഷയം : പരിസ്ഥിതി സംരക്ഷണം ക്രിസ്തീയ വീക്ഷണത്തിൽ***
5. **അദ്ധ്യാപക മത്സരം - ക്വിസ്സ്**

### മത്സരങ്ങൾ സംബന്ധിച്ച് പൊതുനിർദ്ദേശങ്ങൾ

1. എം.ജെ.എസ്.എസ്.എ. കലോത്സവ മത്സരങ്ങൾ വിവിധ തലങ്ങളിൽ
   **a) സൺഡേസ്കൂൾ തലം** - ഹെഡ്മാസ്റ്ററുടെ ചുമതലയിൽ - **2016 ആഗസ്റ്റ് 31-ന് മുമ്പ്**
   **b) ഡിസ്ട്രികട് തലം** - ഇൻസ്പെക്ടറുടെ ചുമതലയിൽ - **2016 സെപ്റ്റംബർ 30-ന് മുമ്പ്**
   **c) ഭദ്രാസന തലം** - ഡയറക്ടറുടെ ചുമതലയിൽ - **2016 ഒക്ടോബർ 31-ന് മുമ്പ്** നടത്തിയിരിക്കേണ്ടതാണ്.
   **d) അഖില മലങ്കര തലം** - **2016 നവംബർ 12 ശനിയാഴ്ച്ച രാവിലെ 9.30 ന്** കേന്ദ്രഓഫീസ് മന്ദിരത്തിൽ വച്ച്
   (ഉദ്ഘാടന സമ്മേളനം ഉണ്ടായിരിക്കുന്നതല്ല)
2. സബ്ജൂണിയർ, ജൂണിയർ, സീനിയർ എന്ന നിബന്ധന കർശനമായി പാലിക്കേണ്ടതാണ്.
3. **ക്ലാസ് അല്ല വയസു കണക്കാക്കിയാണ്** സബ്ജൂണിയർ, ജൂണിയർ, സീനിയർ വിഭാഗങ്ങൾ തിരിക്കുന്നത് എന്നത് മറക്കരുത്. കുട്ടികളുടെ ജനന തീയതി എഴുതുവാൻ വിട്ടുപോകരുത്. +1,+2 കുട്ടികൾ സീനിയർ വിഭാഗത്തിൽ ഉൾപ്പെടുന്നതല്ല.
4. ഡിസ്ട്രിക്ററ്, ഭദ്രാസന, കേന്ദ്രമത്സരങ്ങളിൽ പങ്കെടുക്കുന്ന കുട്ടികളുടെ കൂടെ ചുമതലപ്പെട്ട അദ്ധ്യാപകർ ( Escorting Teachers) ഉണ്ടായിരിക്കേണ്ടതാണ്.
5. ഓരോ തലത്തിലും മത്സരങ്ങൾ നടന്നു കഴിഞ്ഞാൽ **തൊട്ടടുത്ത ദിവസം തന്നെ** ലിസ്റ്റ് മേൽഘടകത്തിൽ ഏല്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ ലിസ്റ്റ് ബന്ധപ്പെട്ടവർക്ക് ലഭിക്കാതെ വന്നാൽ ആ സൺഡേസ്കൂളിലെ / ഡിസ്ട്രിക്ടിലെ / ഭദ്രാസനത്തിലെ കുട്ടികൾക്ക് മുകളിലത്തെ തലങ്ങളിൽ നടക്കുന്ന മത്സരങ്ങളിൽ പങ്കെടുക്കുവാൻ കഴിയുന്നതല്ല.
6. സംഗീതം, പ്രസംഗം, ആരാധനാഗീതം എന്നിവ പ്രത്യേകം പ്രത്യേകം വേദികളിൽ നടത്തേണ്ടതാണ്.
7. **ആരാധനാഗീതം കന്നട, സംഗീതം കന്നട കർണ്ണാടകത്തിൽ നിന്നുള്ള കുട്ടികൾക്കു മാത്രമായിരിക്കും.**
8. **എം.ജെ.എസ്.എസ്.എ. സർക്കുലർ നിർദ്ദേശം അനുസരിച്ചു നടത്തുന്ന ഇനങ്ങൾക്കു മാത്രമെ ഭദ്രാസന/ സോൺ, ഡിസ്ട്രിക്റ്റ്, സൺഡേസ്കൂൾ തലത്തിൽ പോയിന്റു കണക്കാക്കുവാൻ പാടുള്ളു.**

*മറുപുറം*

9. എം.ജെ.എസ്.എസ്.എ. കലോത്സവത്തിൽ അഖില മലങ്കര തലത്തിൽ ഓരോ വിഭാഗത്തിലും ഏററവും കൂടുതൽ പോയിൻറ് നേടുന്ന കുട്ടികൾക്ക് ബാലപ്രതിഭ എന്ന പേരിൽ ക്യാഷ് അവാർഡ് നൽകുന്നതാണ്. വ്യക്തിഗത മത്സരങ്ങളിൽ ലഭിക്കുന്ന പോയിൻറ് മാത്രമേ ഇതിന് കണക്കിലെടുക്കുകയുള്ളു. ബാലപ്രതിഭ ലഭിക്കുന്ന മത്സരാർത്ഥികൾ ഏതെങ്കിലും വ്യക്തിഗത ഇനമത്സരത്തിൽ ഒന്നാം സ്ഥാനം നേടിയിരിക്കണം. എന്നാൽ തുല്യ പോയിൻറ് വന്നാൽ മാത്രം ഗ്രൂപ്പ് ഇനങ്ങളിലെ പോയിൻറ് കണക്കിലെടുക്കാവുന്നതാണ്.

10. എം.ജെ.എസ്.എസ്.എ. കലോത്സവം നടത്തുന്നതിനാവശ്യമായ എല്ലാ ഫോമുകളും ഹെഡ്ക്വാർട്ടേഴ്സിൽ തയ്യാറായിട്ടുണ്ട്.

11. **തങ്കവാക്യ മത്സരം**

a) തങ്കവാക്യ മത്സരത്തിന് അസ്സോസിയേഷൻ പ്രസിദ്ധീകരിച്ചിരിക്കുന്ന **“ വിശുദ്ധഗ്രന്ഥത്തിൽ നിന്നുള്ള തങ്കവാക്യങ്ങൾ ”** എന്ന പുസ്തകം ഉപയോഗിക്കേണ്ടതാണ്.

b) ജൂണിയർ വിഭാഗത്തിന് പുസ്തകത്തിലെ 1 മുതൽ 250 വരെയുള്ള വാക്യങ്ങളിൽ നിന്നു മാത്രമെ ചോദ്യങ്ങൾ ഉണ്ടായിരിക്കുകയുള്ളു. സീനിയർ വിഭാഗത്തിന് 1 മുതൽ 500 വരെ മുഴുവൻ ഭാഗത്തു നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും.

12. **എം.ജെ.എസ്.എസ്.എ. കലോത്സവം – ബൈബിൾ ടെസ്റ്റ് (വിശുദ്ധഗ്രന്ഥം)**

ബൈബിൾ ടെസ്റ്റ് ഫൈനൽറൗണ്ടിൽ വരുന്ന എല്ലാവരും “B” ഗ്രേഡിന് അർഹരായിരിക്കും. ഒന്നും, രണ്ടും, മൂന്നും സ്ഥാനം ലഭിക്കുന്നവർക്കു മറ്റു മത്സരങ്ങളിലെ പോലെ പോയിന്റ് ലഭിക്കുന്നതാണ്.

13. മത്സരങ്ങൾ ക്രമമായും ചിട്ടയായും നടത്തുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ മുൻകൂട്ടി ചെയ്യുന്നതിനും ലിസ്റ്റ് കൃത്യസമയത്ത് തന്നെ അയക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുവാനും ബന്ധപ്പെട്ട ഭാരവാഹികളെ ഒരിക്കൽ കൂടെ പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. സംശയങ്ങൾ ഉണ്ടാകുന്ന പക്ഷം മേൽഘടകങ്ങളിലെ ഭാരവാഹികളുമായി ബന്ധപ്പെട്ട് ആയത് പരിഹരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. **അഖില മലങ്കര എം.ജെ.എസ്.എസ്.എ. കലോത്സവത്തിൽ സംബന്ധിക്കുന്നവരിൽ ഭക്ഷണം ആവശ്യമുള്ളവരുടെ എണ്ണം എം.ജെ.എസ്.എസ്.എ. കലോത്സവത്തിന്റെ ലിസ്റ്റിനോടൊപ്പം തരേണ്ടതാണ്.**

14. എം.ജെ.എസ്.എസ്.എ. പ്രസിദ്ധീകരിച്ചിരിക്കുന്ന തിരഞ്ഞെടുത്ത ആരാധനാഗീതങ്ങൾ എന്ന പുസ്തകത്തിലെ ഏതെങ്കിലും ഗീതങ്ങൾ 3 മിനിറ്റിൽ താഴെ അവസാനിക്കുന്നതാണെങ്കിൽ അതേ ഗീതത്തിന്റെ തുടർന്നുള്ള ഖണ്ഡിക ടി പുസ്തകത്തിൽ ഇല്ല എങ്കിലും സമയപരിധിക്കുള്ളിൽ പാടാവുന്നതാണ്. എന്നാൽ ഒരു ഗീതത്തെ തുടർന്ന് മറ്റൊരു ഗീതം പാടാവുന്നതല്ല.

15. എം.ജെ.എസ്.എസ്.എ. കലോത്സവത്തിൽ **ഭദ്രാസന/സോൺ** തലത്തിലുള്ള മത്സരങ്ങളിൽ വരെ **ഒന്നും രണ്ടും സ്ഥാനം** ലഭിക്കുന്ന **രണ്ട് കുട്ടികൾ / രണ്ട് ടീമുകൾക്ക്** പങ്കെടുക്കാവുന്നതാണ്. **ഭദ്രാസന/ സോൺ തലത്തിൽ ഒന്നാം സ്ഥാനം** ലഭിക്കുന്ന **ഒരു കുട്ടി / ഒരു ടീം മാത്രം അഖില മലങ്കര** കലോത്സവത്തിൽ പങ്കെടുക്കേണ്ടതാണ്.

16. കലോത്സവത്തിൽ ബെസ്റ്റ് സൺഡേസ്കൂൾ പരിഗണിക്കുമ്പോൾ കലോത്സവത്തിൽ പങ്കെടുത്തതിന്റെ പോയിന്റ് കണക്കാക്കിയായിരിക്കും.

17. മുകൾ ഘടകങ്ങളിലേയ്ക്കയക്കുന്ന ലിസ്റ്റ് രണ്ട് കോപ്പികൾ വീതം ഉണ്ടായിരിക്കേണ്ടതാണ്. **ഭദ്രാസന / സോൺ** വിജയികളുടെ ലിസ്റ്റ് email ചെയ്യുന്നത് വളരെ സൗകര്യപ്രദമായിരിക്കും.

18. സീനിയർ വിഭാഗം അഖില മലങ്കര ക്വിസ്സ് മത്സരത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനം ലഭിക്കുന്ന ടീമുകൾക്ക് യഥാക്രമം 2500/-, 1500/-, 1000/- ക വീതം ക്യാഷ് അവാർഡ് നൽകുന്നതാണ്.

19. അദ്ധ്യാപകരുടേയും സീനിയർ വിഭാഗത്തിന്റേയും ക്വിസ്സ് മത്സരത്തിന് വേദപുസ്തകത്തിൽ നിന്നുള്ള ചോദ്യങ്ങൾ വിശുദ്ധ ഗ്രന്ഥത്തിൽ നിന്നുള്ളതായിരിക്കും.

20. **ട്രോഫികൾ**

എം.ജെ.എസ്.എസ്.എ. കലോത്സവത്തിൽ സമ്മാനാർഹരായി ട്രോഫികൾ മുൻവർഷം കൊണ്ടു പോയിരിക്കുന്നവർ 2016 ഒക്ടോബർ 15 ന് മുൻപ് എം.ജെ.എസ്.എസ്.എ. കേന്ദ്ര ഓഫീസിൽ തിരിച്ചേൽപ്പിക്കേണ്ടതാണ്.

എന്ന്,
കർത്താവിൽ എളിയ ശുശ്രൂഷകർ


**ബേബി വർഗ്ഗീസ്**
സെക്രട്ടറി (04842682155)
**Mob : 9447182155**

**ഷെവ. എം.ജെ. മർക്കോസ്**
ജനറൽ സെക്രട്ടറി (0485 2246211)
**MOB. 9745046911,8281325911**

# MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION

*(Under the Holy Apostolic See of Antioch and All the East)*

**Reg. No. ER/308/07**

**Circular to All Sunday Schools and Co-workers**
**Website : www.mjssa.in**
**Email : mjssahq@gmail.com**

**M.J.S.S.A. HEAD QUARTERS,**
**Puthencruz - 682 308,**
**Kerala state,**
**Fax & Phone : 0484 -2730150**

**Date: 17-06-2016**

**No. 3/ 2016**

**കർത്താവിൽ പ്രിയ സഹപ്രവർത്തകരെ,**

**ദൈവത്തിന്റെ അളവറ്റ കാരുണ്യത്താൽ 2015-16 വർഷത്തെ പ്രവർത്തനങ്ങൾ ഭംഗിയായി നടത്തുവാൻ സാധിച്ച തിൽ ദൈവത്തെ മഹത്വപ്പെടുത്താം. ആയതിനായി സഹായിച്ച നിങ്ങളേവരേയും പ്രത്യേകം അഭിനന്ദിക്കുന്നു.**

## വാർഷീക പൊതുയോഗം 2015 - 2016

എംജെ.എസ്.എസ്.എ. യുടെ 2015-16 വർഷത്തെ വാർഷീക പൊതുയോഗം 2016 ജൂൺ 11-ാം തീയതി ശനിയാഴ്ച പകൽ 10.30 മുതൽ എംജെ.എസ്.എസ്.എ. യുടെ പുത്തൻകുരിശ് കേന്ദ്ര ആഫീസ് ഓഡിറ്റോറിയത്തിൽ നടന്നു. അസ്സോസി യേഷൻ പ്രസിഡന്റ് നി.വ.ദി.ശ്രീ.മാത്യൂസ് മോർ അഫ്രേം തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം ശ്രേഷ്ഠ കാതോലിക്കായും എം.ജെ.എസ്.എസ്.എ. രക്ഷാധികാരിയുമായ നി.വ.ദി.മ.ശ്രീ ഡോ.ബസ്സേലിയോസ് തോമസ് പ്രഥമൻ ബാവ ഉദ്ഘാടനം ചെയ്തു. സൺഡേസ്കൂൾ അദ്ധ്യാപകർ സഭക്കും സമൂഹത്തിനും കുട്ടികൾക്കും മാതൃകയായി സഭയുടെ മുഖ്യ ധാരയിൽ നിന്നുകൊണ്ട് സഭയുടെ നിർദ്ദേശങ്ങൾ എംജെ.എസ്.എസ്.എ. യുടെ സർക്കുലർ നിർദ്ദേശങ്ങൾ, ഭരണഘടന എന്നിവക്കു വിധേയപ്പെട്ടു പ്രവർത്തിക്കേണ്ടവരാണെന്നും അവരുടെ നിസ്വാർത്ഥമായ സേവനങ്ങൾ അഭിനന്ദനാർഹമാണെന്നും ബാവ കല്പിച്ചു. കേരളത്തിലും, മറ്റ് വിവിധ സംസ്ഥാനങ്ങൾ ഉൾപ്പെടുന്ന ഭദ്രാസനങ്ങളിലുമായി എംജെ.എസ്.എസ്.എ. പ്രവർത്തനങ്ങൾ വളരെ അഭിമാനകരമായി നടന്നു വരുന്നതിൽ ബാവ സന്തുഷ്ടി പ്രകടിപ്പിച്ചു. സഭയിലെ കുഞ്ഞുങ്ങൾ സൺഡേസ്കൂൾ അഭ്യസനത്തിനു പുറമേ മറ്റ് ഉന്നത വിദ്യാഭ്യാസം, കൗൺസലിംഗ്, ധ്യാനയോഗ സംഗമങ്ങൾ, സംവാദ ങ്ങൾ, ചർച്ചാ ക്ലാസ്സുകൾ, പരിശീലന കോഴ്സുകൾ, ലൈബ്രറി തുടങ്ങി എല്ലാ സൗകര്യങ്ങളും ഉൾപ്പെടുന്ന ഒരു ക്യാമ്പ് സൈറ്റ് എംജെ.എസ്.എസ്.എ. യിൽ ഉണ്ടാകണമെന്ന എംജെ.എസ്.എസ്.എ യുടെ ലക്ഷ്യം, ലക്ഷ്യപ്രാപ്തിയിലെത്തുവാൻ ദൈവം തമ്പുരാൻ ഇടയാക്കട്ടെ എന്ന് ബാവ കല്പിച്ചു. അടുത്ത ഒരു വർഷത്തിനുള്ളിൽ പാഠ്യപദ്ധതി ജെ.എസ്.വി.ബി.എസ്. ഉൾപ്പെടെ പരിഷ്കരിക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നതായി പ്രസിഡന്റ് തിരുമേനി തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ വെളിപ്പെടുത്തുകയുണ്ടായി.

വൈസ്പ്രസിഡന്റ് വെരി.റവ.സി.കെ.സാജു ചെറുവിള്ളിൽ കോർ എപ്പിസ്കോപ്പ പതാക ഉയർത്തിയതോടെ ആരം ഭിച്ച സമ്മേളനത്തിൽ ജനറൽ സെക്രട്ടറി ഷെവ. എം.ജെ.മർക്കോസ് എല്ലാവർക്കും സ്വാഗതം ആശംസിക്കുകയുണ്ടായി. 2015-16 വർഷത്തിൽ വിവിധ ക്ലാസ്സുകളിൽ റാങ്കുകൾ നേടിയവർ, 50 വർഷം സേവനം പൂർത്തിയാക്കിയ ബഹു. അദ്ധ്യാപകർ, ഏറ്റവും നല്ല പ്രവർത്തനം കാഴ്ച വച്ച സെന്റ് ജോർജ് സൺഡേസ്കൂൾ ഈസ്റ്റ് കടാതി, ഏറ്റവും മികച്ച ആത്മദീപം ലേഖകനായി തിരഞ്ഞെടുക്കപ്പെട്ട ഡോ.കെ.പി.ഔസേപ്പ് IFS (Rtd) ഗ്ലോബൽ അവാർഡു ജേതാവായ സൺഡേസ്കൂൾ അദ്ധ്യാപകൻ ശ്രി.ഷാജി വർഗീസ്,പിറവം, എം.ബി.ബി.എസ്. എൻട്രൻസിൽ 3-ാം റാങ്ക് കരസ്ഥമാക്കിയ സൺഡേസ്കൂൾ വിദ്യാർത്ഥി ജേക്ക് എൽദോ,അങ്കമാലി, ഏറ്റവും കൂടുതൽ ഡേ ഓഫ് ഗിവിംഗ് തുക സമാഹരിച്ച് തന്ന കുറുപ്പംപടി പള്ളി, ഏറ്റവും കൂടു തൽ പെന്തക്കോസ്തികാണിക്ക തന്ന മണർകാട് സെന്റ് മേരീസ് കത്തീഡ്രൽ പള്ളി, ഏറ്റവും കൂടുതൽ ആത്മദീപം വരി ക്കാരെ ചേർത്ത ഓർഗനൈസർ ശ്രീമതി ബോബി ടോമി എന്നിവരെ യോഗത്തിൽ അനുമോദിക്കുകയുണ്ടായി. അവർക്കുള്ള ട്രോഫികളും മെമന്റോകളും യോഗത്തിൽ ശ്രേഷ്ഠ ബാവ വിതരണം ചെയ്തു.

തുടർന്നു നടന്ന പൊതുയോഗത്തിൽ 2015-16 വർഷത്തെ പ്രവർത്തന റിപ്പോർട്ടു, കണക്കുകൾ, അഡീഷണൽ ബ ഡ്ജറ്റ്, ഓഡിറ്റു റിപ്പോർട്ടിനുള്ള മറുപടി, ചോദ്യങ്ങൾ പ്രമേയങ്ങൾ എന്നിവയ്ക്കുള്ള മറുപടികൾ, 2016-17 വർഷത്തെ ബഡ്ജറ്റ് എന്നിവയും യോഗം അംഗീകരിച്ചു.

A. 2015-16 വർഷത്തെ വാർഷിക പൊതുയോഗം കൈക്കൊണ്ട പ്രധാന തിരുമാനങ്ങൾ അംഗങ്ങളുടെ അറിവിനായി അയക്കു ന്നു.

1. **മരാമത്തുകൾ : -** വാർഷിക റിപ്പോർട്ടു പേജ് 17 -ൽ പരാമർശിച്ചിട്ടുള്ള പ്രകാരം സെൻട്രൽ കമ്മിറ്റി നിയോഗിച്ചിട്ടുള്ള മരാ മത്ത് സബ്ക്കമ്മറ്റി തയ്യാറാക്കി സമർപ്പിച്ച പ്ലാനും എസ്റ്റിമേറ്റും യോഗം അംഗീകരിച്ച് ഒരു ക്യാമ്പ് സൈറ്റിനുള്ള അംഗീകാ രവും അതോടൊപ്പം ബുക്കു ഡിപ്പോ-ഗോഡൗൺ, മെയിന്റനൻസ് വർക്കുകൾ എന്നിവയ്ക്കുള്ള അംഗീകാരവും പൊതുയോഗം നൽകി. മരാമത്തുകൾക്കായി സെൻട്രൽ കമ്മിറ്റിയെ അധികാരപ്പെടുത്തി.
2. **കാതോലിക്കോസ് ബസ്സേലിയോസ് തോമസ് അക്കാഡമി ഓഫ് എക്സലൻസ്** - സമൂഹത്തിലും പ്രത്യേകിച്ച് നമ്മുടെ സഭയിലും ഉള്ള പ്രഗത്ഭരായ കുട്ടികളെ All India Civil Service Examination നു സജ്ജരാക്കുക, അതോടൊപ്പം Psc, Ssc, IBps തുടങ്ങിയ വിവിധ ടെസ്റ്റുകൾക്കായി കുട്ടികളെ പരിശീലിപ്പിക്കുക എന്നീ ഉദ്ദേശത്തോടെ ആരംഭിച്ചിട്ടുള്ള കോഴ്സു കൾ തുടർന്നു നടത്തേണ്ടതാണെന്നും തീരുമാനിച്ചു.
3. ഭരണഘടനാ വകുപ്പ് 99-2-ാം ഖണ്ഡിക പ്രകാരം ഭാരവാഹി എന്നത് മറ്റൊരു മേൽഘടകത്തിലെ കമ്മറ്റി അംഗവും ഉൾപ്പെടുന്നതാണെന്നു തീരുമാനിച്ചു.
4. 2016-17 വർഷത്തെ ആഡിറ്റർമാരായി ഷെവ.കെ.ഒ.ഏലിയാസ്, ഹെഡ്മാസ്റ്റർ സെന്റ് ജോർജ് സൺഡേസ്കൂൾ മുടവൂർ, ശ്രീ. റെജി ജോൺ ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടർ മുളന്തുരുത്തി എന്നിവരെ തിരഞ്ഞെടുത്തു.
5. പെന്തിക്കോസ്തികാണിക്ക കേരളത്തിൽ ഏറ്റവും കൂടുതൽ നൽകുന്ന പള്ളിക്കു പ്രത്യേക പ്രോത്സാഹന സമ്മാനം നൽകേ ണ്ടതാണെന്നു തീരുമാനിച്ചു.

*മറുപുറം*

6. പരീക്ഷയ്ക്കു പഴയ പ്രാർത്ഥനകൾ ഉൾപ്പെടുത്തി ഓപ്ഷൻ ഈ വർഷം മുതൽ നൽകുവാൻ തീരുമാനിച്ചു.

7. തെരഞ്ഞെടുപ്പ് സംബന്ധിച്ച നടപടിക്രമങ്ങൾ തയ്യാറാക്കി നടപ്പിലാക്കുവാൻ സെൻട്രൽ കമ്മറ്റിയെ ചുമതലപ്പെടുത്തി.

8. ബെസ്റ്റ് സൺഡേസ്കൂളിനെ പരിഗണിക്കുമ്പോൾ കലോത്സവത്തിൽ പങ്കെടുത്ത് ലഭിച്ച പോയിന്റുകൾ കണക്കാക്കിയാൽ മതിയാകുന്നതാണ്.

9. അദ്ധ്യാപകർക്കു മിനിമം 50% ഹാജർ എങ്കിലും വർഷത്തിൽ ഉണ്ടായിരിക്കണം.

B. 11.06.16 ൽ ചേർന്ന സെൻട്രൽകമ്മറ്റി താഴെ പറയുന്ന സബ്കമ്മറ്റികൾക്കു രൂപം നൽകി. എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങൾക്കു പുറമേ താഴെ പറയുന്നവർ അതതു ഉപസമിതികളിൽ അംഗങ്ങളായിരിക്കും.

1. **<u>പരീക്ഷാ ബോർഡ്</u>** : - ശ്രീ.പി.ഐ.ഉലഹന്നാൻ (കൺട്രോളർ), ബിനോയ് പി.ജോർജ്, എൻ.എ.ജോസ്, കെ.എം.തമ്പി, വി.പി.ജോയി, പി.വി.ജേക്കബ്, വി.ജെ.ജോസഫ്, ഡി.കോര, ടി.വി.പൗലോസ്

2. **<u>കലോത്സവം</u>** : - വി.പി.ജോയി, അഡ്വ.കെ.ഐ.ജോയി, ടി.വി.സജീഷ്, എൻ.വി.പൗലോസ്, എൻ.ടി.പൗലോസ്, ജോർജ് ജോസഫ്, പി.വി.പൗലോസ്

3. **<u>ജെ.എസ്.വി.ബി.എസ്.</u>** - തെക്കൻ മേഖല - ഡോ.ജോസ് ഡി.കൈപ്പിള്ളി,
**കൺവീനർമാർ :** മദ്ധ്യ മേഖല - ശ്രി. പി.സി.ഏലിയാസ്
വടക്കൻ മേഖല - ശ്രി. ടി.വി.സജീഷ്
**അംഗങ്ങൾ :** - ഷെവ. ജോയി പി.ജോർജ്, യൽദോ ഐസക്, റോയി തോമസ്, എൻ.വി.പൗലോസ്

4. **<u>ഇന്റേണൽ ഓഡിറ്റേഴ്സ്</u>** :- ഷെവ. ജോയി പി.ജോർജ് , ശ്രി. ടി.വി.പൗലോസ്

5. **<u>പാഠപുസ്തക കമ്മിറ്റി</u>** :- നിലവിലുള്ള കരിക്കുലം കമ്മറ്റിക്കു പുറമേ പാഠപുസ്തക പരിഷ്ക്കരണത്തിനായി കഴിവുള്ള മറ്റു വ്യക്തികളെകൂടി ഉൾപ്പെടുത്തിയിട്ടുള്ളതാണ്. പ്രസ്തുത കമ്മറ്റിയുടെ കൺവീനറായി ശ്രി.പി.വി. ജേക്കബിനെ തിരഞ്ഞെടുത്തു.

C. **അർദ്ധ വാർഷിക പരീക്ഷ :** - മുൻ വർഷങ്ങളിലേതു പോലെ ഈ വർഷവും അർദ്ധ വാർഷിക പരീക്ഷ ജൂലൈ മാസത്തിൽ ഒരേ തീയതിയിൽ തന്നെ എല്ലാ ഭദ്രാസനങ്ങളിലും നടത്തിയിരിക്കണം.

D. **പെന്തക്കോസ്തികാണിക്ക :-** ശ്രേഷ്ഠ കാതോലിക്കാ ബാവയുടെ കല്പന പ്രകാരം പള്ളികളിൽ സമാഹരിച്ചിട്ടുള്ള സ്തോത്ര കാഴ്ച നാളിതു വരെ പല പള്ളികളിൽ നിന്നും ലഭിച്ചിട്ടില്ല. എം.ജെ.എസ്.എസ്.എ. വാർഷിക റിപ്പോർട്ടിൽ കഴിഞ്ഞ വർഷം ലഭിച്ച തുകകളുടെ വിവരം ചേർത്തിട്ടുള്ളതാണ്. ചുരുക്കം ചില പള്ളികൾ തുക നാളിതുവരെ ഏല്പിച്ചിട്ടില്ലാത്തതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ആയതിനാൽ കഴിഞ്ഞ വർഷത്തെ തുകയും ഈ വർഷത്തെ സ്തോത്ര കാഴ്ചയും പ്രത്യേകം കാണിച്ച് തുകകൾ എത്രയും വേഗം എം.ജെ.എസ്.എസ്.എ.യിൽ അടച്ചു രസീതു വാങ്ങണമെന്നറിയിക്കുന്നു.

E. **ഡേ ഓഫ് ഗിവിംഗ് :** - ഓരോ ഭദ്രാസനത്തിന്റേയും വാർഷിക റിപ്പോർട്ടു പ്രകാരം കാണിച്ചിട്ടുള്ള വി.ബി.എസ്. നടന്ന എല്ലാ കേന്ദ്രങ്ങളിൽ നിന്നും ഡേ ഓഫ് ഗിവിംഗ് ഇനത്തിൽ സമാഹരിച്ച തുകകൾ എം.ജെ.എസ്എസ്.എ.യിൽ നാളിതു വരെ ലഭിച്ചിട്ടില്ല. അപ്രകാരം നൽകാത്തവർ ആയതും ഈ വർഷം സമാഹരിച്ച തുകയും കൂടി എത്രയും വേഗം എം.ജെ.എസ്.എസ്.എ.യിൽ അടച്ചു രസീതുവാങ്ങേണ്ടതാകുന്നു.

F. **ആത്മദീപം :-** ആത്മദീപം വരിക്കാരുടെ എണ്ണം വളരെയേറെ വർദ്ധിച്ചിരിക്കുന്നു. നിങ്ങളേവരുടേയും ആത്മാർത്ഥമായ സഹകരണത്തെ പ്രത്യേകം നന്ദിയോടെ സ്മരിക്കുന്നു. കഴിഞ്ഞ മാസം 15,000 കോപ്പികളാണ് പ്രിന്റു ചെയ്തത് 2016-17 ആകുമ്പോഴേയ്ക്കും എല്ലാ കുടുംബങ്ങളിലും മാസിക എത്തണമെന്നതാണ് എം.ജെ.എസ്.എസ്.എ.യുടെ ലക്ഷ്യം. മാത്രമല്ല ഇതിന്റെ സുഗമമായ നടത്തിപ്പിന് പരസ്യങ്ങളും ആവശ്യമാണ്. മറ്റ് പ്രസിദ്ധീകരണങ്ങളെ അപേക്ഷിച്ച് വളരെ ചെറിയ പരസ്യനിരക്കുകളാണുള്ളത്. ആയതിലേക്കും നിങ്ങളേവരുടേയും സഹകരണം പ്രതീക്ഷിക്കുന്നു.

G. **എം.ജെ.എസ്.എസ്.എ. ചാരിറ്റി :-** സൺഡേസ്കൂൾ അദ്ധ്യാപകർ, കുട്ടികൾ എന്നിവരിൽ ഓരോരുത്തർക്കുള്ള ഭവന നിർമാണ ധനസഹായം, കുട്ടികളുടെ ഉന്നത വിദ്യാഭ്യാസ ധനസഹായം എന്നിവയ്ക്കുള്ള അപേക്ഷകൾ ബന്ധപ്പെട്ടവരുടെ ശുപാർശകൾ സഹിതം ആഗസ്റ്റ് 31 നകം ജനറൽ സെക്രട്ടറിക്കു ലഭിച്ചിരിക്കേണ്ടതാണ്. അതോടൊപ്പം പെൻഷന് അർഹതയുള്ള അപേക്ഷകളും നിശ്ചിതഫോറത്തിൽ എത്രയും വേഗം ശുപാർശ സഹിതം ജനറൽ സെക്രട്ടറിക്കയക്കുക.

H. 1. **വാർഷിക പരീക്ഷ :** - രജിസ്ട്രേഷൻ ഫോറങ്ങൾ (A List) 31.07.2016 നകം ആഫീസിൽ ലഭിച്ചിരിക്കണം വൈകിയാൽ ലേറ്റ്ഫീ അടക്കണമെന്നത് അറിയാമല്ലോ. ക്ലാസ് X, XI, XII, എന്നിവയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കുട്ടികൾ, പ്രൈവെറ്റ് രജിസ്ട്രേഷനുള്ള കുട്ടികൾ എന്നിവയുടെ എണ്ണം വാർഷിക സ്റ്റേറ്റുമെന്റുമായി ഒത്തിരിക്കേണ്ടതാണ്. പ്രസ്തുത സ്റ്റേറ്റുമെന്റു പ്രകാരമായിരിക്കും ചോദ്യപേപ്പർ പായ്ക്കു ചെയ്യുക. ഇംഗ്ലീഷ് ചോദ്യപേപ്പർ ആവശ്യമുള്ളവർ ആയതിന് പ്രത്യേക സ്റ്റേറ്റുമെന്റ് സമർപ്പിക്കേണ്ടതാണ്. അസോസിയേഷൻ ഫണ്ട് 100/ക. പെൻഷൻ ഫണ്ട് 100/ക. എന്നിവയും യഥാസമയം അടച്ചിരിക്കണം. ഡിസ്ട്രിക്റ്റിലെ പരീക്ഷാ സെന്റർ, ഹാളുകളുടെ എണ്ണം, കുട്ടികളുടെ എണ്ണം, എന്നിവ കൃത്യമായി രേഖപ്പെടുത്തി; വാർഷിക സ്റ്റേറ്റ്മെന്റ് 31.7.16 നകം ജനറൽ സെക്രട്ടറിക്കു ലഭിച്ചിരിക്കണം.

2. **ഫീസ് വിവരം :** - വാർഷിക പിരിവ് കുട്ടി ഒന്നിന് - 5/ക

| | | | | | |
|---|---|---|---|---|---|
| - ക്ലാസ് | X | - 20/ക, | പ്രൈവെറ്റ് | ക്ലാസ് X | - 50/ക |
| - ക്ലാസ് | XI | - 25/ക, | തോറ്റവർ | ക്ലാസ് XII | - 20/ക |
| | റീവാലുവേഷൻ | - 100/ക | | | |

കഴിഞ്ഞ വർഷം വാർഷിക പരീക്ഷ യാതൊരു പരാതിയുമില്ലാതെ നടത്തുവാൻ കഴിഞ്ഞതിൽ ദൈവത്തെ സ്തുതിക്കുന്നു. നിങ്ങളേവരുടേയും ആത്മാർത്ഥമായ കരുതൽ അക്കാര്യത്തിൽ ഉണ്ടായി എന്നുള്ളത് നിസംശയം പറയുവാൻ കഴിയും. ഈ വർഷത്തിലും അപ്രകാരം ആയിത്തീരുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. അതിനായി സ്റ്റേറ്റുമെന്റുകൾയഥാസമയം തന്നെ കുറ്റമറ്റ രീതിയിൽ തയ്യാറാക്കി ഫീസിനങ്ങളും, മറ്റ് ഫണ്ടുകളും വീഴ്ചകൂടാതെ എം.ജെ.എസ്എസ്.എ.യിൽ ലഭിക്കുവാൻവേണ്ട ക്രമീകരണങ്ങൾ ഭാരവാഹികൾ ചെയ്യേണ്ടതാകുന്നു.

I. **ഇൻസ്പെക്ഷൻ :** - എം.ജെ.എസ്.എസ്.എ. ഭരണഘടന നിർദ്ദേശിക്കുന്ന പ്രകാരം സൺഡേസ്കൂളുകൾ ഇൻസ്പെക്ഷൻ നടത്തി നിശ്ചിത ഫോമിൽ റിപ്പോർട്ടുകൾ ജനറൽ സെക്രട്ടറിക്കു അയച്ചു തരുന്നതിൽ ഭാരവാഹികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

എല്ലാ പ്രവർത്തനങ്ങളിലും നിങ്ങളേവരുടേയും കൂട്ടായ സഹായവും സഹകരണവും പ്രതിക്ഷിച്ചുകൊണ്ട്

കർത്താവിൽ എളിയ ശുശ്രൂഷകൻ


**ഷെവ. എം.ജെ. മർക്കോസ്**
**ജനറൽ സെക്രട്ടറി (0485 2246211)**
**MOB. 9745046911,8281325911**